**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5201** **21-03-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ വിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർ എത്ര പേരുണ്ടെന്ന് കൃഷി ഭവൻ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | തൊഴിൽ വകുപ്പിനു കീഴിൽ രൂപീകരിച്ചിട്ടുള്ള കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ എറണാകുളം ജില്ലയിൽ 21,156 കർഷക തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. എന്നാൽ, കൃഷി ഭവൻ അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. |
| (ബി) | ഇതിൽ കർഷക തൊഴിലാളി പെൻഷൻ കൈപ്പറ്റുന്ന എത്ര പേരുണ്ടെന്ന് കൃഷി ഭവൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) | കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്ന് 60 വയസ് പൂർത്തിയാക്കി പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽ നിന്നും നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുന്നത്. നിലവിൽ എറണാകുളം ജില്ലയിൽ 24599 ഗുണഭോക്താക്കൾ കർഷക തൊഴിലാളി പെൻഷൻ കൈപ്പറ്റുന്നുണ്ട്. എന്നാൽ, കൃഷി ഭവൻ അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. |
| (സി) | പ്രസ്തുത ക്ഷേമനിധി അംഗങ്ങളിൽ എത്ര പേർ നെൽ കൃഷി മേഖലയിൽ നിന്നും ഉള്ളവരാണ്; ഇതിൽ എത്ര പേർ നിലവിൽ നെൽ കർഷകരായി പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | കേരള കർഷക തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ തൊഴിൽ മേഖല തിരിച്ചുള്ള വിവരം ലഭ്യമല്ല. |
| (ഡി) | വർഷങ്ങളോളം കൃഷി ചെയ്തിരുന്നതും എന്നാൽ കർഷകരുടെ അഭാവം മൂലം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതിരുന്നതിനാലും വർഷങ്ങളായി ചെമ്മീൻ കെട്ടുകൾക്കായി മാത്രം വിട്ടു കൊടുക്കുന്നതുമായ കൃഷി ഭൂമിയിൽ അതത് കൃഷി ഭവനുകൾക്ക് കീഴിൽ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടിയിട്ടുള്ള കർഷകരുടെ കൂട്ടായ്മയിലൂടെയും കൃഷിയിൽ താത്പര്യമുള്ള വ്യക്തികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് കൃഷി ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ഡി) | മഹത്തായ പാരമ്പര്യമുള്ള പൊക്കാളി നെൽകൃഷിക്ക് ചെലവേറിയതും കൊയ്യാൻ ആളെ കിട്ടാത്തതും വിപണന സൗകര്യം മെച്ചപ്പെടാത്തതും കൊണ്ട് നെൽകൃഷി ചെയ്യാതെ തുടരുന്ന പാടശേഖരങ്ങളിൽ ചെലവു കുറഞ്ഞ മത്സ്യ കൃഷി തുടർച്ചയായി നടത്തി വരുന്നു. ഇത്തരം മത്സ്യ കൃഷി ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും വർഷം മുഴുവൻ ഉപ്പു വെള്ളം കെട്ടിക്കിടക്കുന്നതുമൂലം നെൽകൃഷിക്ക് ഹാനികരമാകുകയും മേഖലയിലെ നിവാസികളുടെ ജീവിതം ദുരിത പൂർണമാവുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. എന്നിരുന്നാലും, |

| | | | |
|---|---|---|---|
| | | | ചേർത്തല വടക്കൻ മേഖലയിൽ കരിനിലങ്ങളിൽ, ഫിഷറീസ് വകുപ്പിന്റെ ജലകൃഷി വികസന ഏജൻസിയായ അഡാക്ക് വഴി നടപ്പിലാക്കുന്ന 'ഒരു നെല്ലും ഒരു മീനും' എന്ന സംയോജിത കൃഷി പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ചേർന്ന യോഗത്തിൽ പൊക്കാളി, കൈപ്പാട് പാടശേഖരങ്ങളിൽ നെൽകൃഷി നടത്താൻ സാധിക്കാത്ത പാടശേഖരങ്ങൾ കൃഷി, ഫിഷറീസ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പ്രതിനിധികളടങ്ങുന്ന സംഘം സംയുക്ത പരിശോധന നടത്തി മത്സ്യ കൃഷിക്ക് അനുയോജ്യമായതും നെൽകൃഷിക്ക് ഉപയോഗിക്കാൻ കഴിയാത്തതുമായ പാടങ്ങൾ കണ്ടെത്തി അതിന് അംഗീകാരം നൽകി മത്സ്യ കൃഷിക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത പരിശോധനാ വേളകളിലും തുടർന്ന് മത്സ്യകൃഷി നടത്തുന്ന വേളയിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായും കൃഷി, ഫിഷറീസ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ ജില്ലാ ഓഫീസർമാർ അംഗങ്ങളായും സമിതി രൂപീകരിച്ച് ഫിഷറീസ് വകുപ്പ് 04/03/2025-ൽ സ.ഉ.(സാധാ)നം. 165/2025/മതുവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, മറുവക്കാട് പാടശേഖരങ്ങളിലെ അമിത വെള്ളക്കയറ്റം നിയന്ത്രിക്കുന്നതിനും സമീപ വാസസ്ഥലങ്ങളിലേക്ക് ഓരു ജലം കയറുന്നത് നിയന്ത്രിക്കുന്നതിനും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി എറണാകുളം ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാ കളക്ടർ 09/03/2025 തീയതിയിൽ DCEKM/3283/2025-D5(D2) നമ്പർ ഉത്തരവ് ഇറക്കിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). മേൽ നടപടി സമാന സ്വഭാവമുള്ള വൈപ്പിൻ ഉൾപ്പെടെയുള്ള തീരദേശ പ്രദേശങ്ങളിലെ പരാതികൾക്കും പ്രശ്നങ്ങൾക്കും പരിഹാര നടപടിയായി സ്വീകരിക്കാവുന്നതാണ്. |
| (ഇ) | വൈപ്പിൻ ഉൾപ്പെടെയുള്ള തീരദേശ മണ്ഡലങ്ങളിൽ കായലിനോട് ചേർന്ന് കിടക്കുന്ന പാടശേഖരങ്ങൾ വർഷങ്ങളോളം ചെമ്മീൻ കെട്ടുകൾക്ക് മാത്രമായി നൽകുന്നതിനാൽ ഓരു വെള്ളം കയറി ഭൂഗർഭജലം ഉപയോഗശൂന്യമാകുന്നതിനാലും പ്രദേശവാസികളുടെ വസ്തു വകകൾ നശിക്കുന്നതിനാലും പ്രസ്തുത പാടശേഖരങ്ങളിൽ | (ഇ) | മഹത്തായ പാരമ്പര്യമുള്ള പൊക്കാളി നെൽകൃഷിക്ക് ചെലവേറിയതും കൊയ്യാൻ ആളെ കിട്ടാത്തതും വിപണന സൗകര്യം മെച്ചപ്പെടാത്തതും കൊണ്ട് നെൽകൃഷി ചെയ്യാതെ തുടരുന്ന പാടശേഖരങ്ങളിൽ ചെലവു കുറഞ്ഞ മത്സ്യ കൃഷി തുടർച്ചയായി നടത്തി വരുന്നു. ഇത്തരം മത്സ്യ കൃഷി ആവാസ വ്യവസ്ഥയെ പ്രതികൂലമായി |

| | | | |
|---|---|---|---|
| | കൃഷി ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | | ബാധിക്കുകയും വർഷം മുഴുവൻ ഉപ്പ് വെള്ളം കെട്ടിക്കിടക്കുന്നതുമൂലം നെൽകൃഷിക്ക് ഹാനികരമാകുകയും മേഖലയിലെ നിവാസികളുടെ ജീവിതം ദുരിത പൂർണമാവുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. എന്നിരുന്നാലും, ചേർത്തല വടക്കൻ മേഖലയിൽ കരിനിലങ്ങളിൽ, ഫിഷറീസ് വകുപ്പിന്റെ ജലകൃഷി വികസന ഏജൻസിയായ അഡാക്ക് വഴി നടപ്പിലാക്കുന്ന 'ഒരു നെല്ലും ഒരു മീനും' എന്ന സംയോജിത കൃഷി പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ചേർന്ന യോഗത്തിൽ പൊക്കാളി, കൈപ്പാട് പാടശേഖരങ്ങളിൽ നെൽകൃഷി നടത്താൻ സാധിക്കാത്ത പാടശേഖരങ്ങൾ കൃഷി, ഫിഷറീസ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പ്രതിനിധികളടങ്ങുന്ന സംഘം സംയുക്ത പരിശോധന നടത്തി മത്സ്യ കൃഷിക്ക് അനുയോജ്യമായതും നെൽകൃഷിക്ക് ഉപയോഗിക്കാൻ കഴിയാത്തതുമായ പാടങ്ങൾ കണ്ടെത്തി അതിന് അംഗീകാരം നൽകി മത്സ്യ കൃഷിക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത പരിശോധനാ വേളകളിലും തുടർന്ന് മത്സ്യകൃഷി നടത്തുന്ന വേളയിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായും കൃഷി, ഫിഷറീസ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ ജില്ലാ ഓഫീസർമാർ അംഗങ്ങളായും സമിതി രൂപീകരിച്ച് ഫിഷറീസ് വകുപ്പ് 04/03/2025-ൽ സ.ഉ.(സാധാ)നം. 165/2025/മതുവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, മറുവക്കാട് പാടശേഖരങ്ങളിലെ അമിത വെള്ളക്കയറ്റം നിയന്ത്രിക്കുന്നതിനും സമീപ വാസസ്ഥലങ്ങളിലേക്ക് ഓരു ജലം കയറുന്നത് നിയന്ത്രിക്കുന്നതിനും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി എറണാകുളം ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാ കളക്ടർ 09/03/2025 തീയതിയിൽ DCEKM/3283/2025-D5(D2) നമ്പർ ഉത്തരവ് ഇറക്കിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). മേൽ നടപടി സമാന സ്വഭാവമുള്ള വൈപ്പിൻ ഉൾപ്പെടെയുള്ള തീരദേശ പ്രദേശങ്ങളിലെ പരാതികൾക്കും പ്രശ്നങ്ങൾക്കും പരിഹാര നടപടിയായി സ്വീകരിക്കാവുന്നതാണ്. |
| (എഫ്) | ഈ സംബന്ധിച്ച് ചർച്ച ചെയ്യാൻ തീരദേശ മണ്ഡലങ്ങളിലെ ജനപ്രതിനിധികളുടെയും കർഷക | (എഫ്) | മഹത്തായ പാരമ്പര്യമുള്ള പൊക്കാളി നെൽകൃഷിക്ക് ചെലവേറിയതും കൊയ്യാൻ ആളെ |

| | | |
|---|---|---|
| | പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം വിളിച്ച ചേർക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | കിട്ടാത്തതും വിപണന സൗകര്യം മെച്ചപ്പെടാത്തതും കൊണ്ട് നെൽകൃഷി ചെയ്യാതെ തുടരുന്ന പാടശേഖരങ്ങളിൽ ചെലവു കുറഞ്ഞ മത്സ്യ കൃഷി തുടർച്ചയായി നടത്തി വരുന്നു. ഇത്തരം മത്സ്യ കൃഷി ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുകയും വർഷം മുഴുവൻ ഉപ്പു വെള്ളം കെട്ടിക്കിടക്കുന്നതുമൂലം നെൽകൃഷിക്ക് ഹാനികരമാകുകയും മേഖലയിലെ നിവാസികളുടെ ജീവിതം ദുരിത പൂർണമാവുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. എന്നിരുന്നാലും, ചേർത്തല വടക്കൻ മേഖലയിൽ കരിനിലങ്ങളിൽ, ഫിഷറീസ് വകുപ്പിന്റെ ജലകൃഷി വികസന ഏജൻസിയായ അഡാക്ക് വഴി നടപ്പിലാക്കുന്ന 'ഒരു നെല്ലും ഒരു മീനും' എന്ന സംയോജിത കൃഷി പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ചേർന്ന യോഗത്തിൽ പൊക്കാളി, കൈപ്പാട് പാടശേഖരങ്ങളിൽ നെൽകൃഷി നടത്താൻ സാധിക്കാത്ത പാടശേഖരങ്ങൾ കൃഷി, ഫിഷറീസ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പ്രതിനിധികളടങ്ങുന്ന സംഘം സംയുക്ത പരിശോധന നടത്തി മത്സ്യ കൃഷിക്ക് അനുയോജ്യമായതും നെൽകൃഷിക്ക് ഉപയോഗിക്കാൻ കഴിയാത്തതുമായ പാടങ്ങൾ കണ്ടെത്തി അതിന് അംഗീകാരം നൽകി മത്സ്യ കൃഷിക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തീരുമാനിച്ചിരുന്നു. പ്രസ്തുത പരിശോധനാ വേളകളിലും തുടർന്ന് മത്സ്യകൃഷി നടത്തുന്ന വേളയിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കുന്നതിന് ജില്ലാ കളക്ടർ ചെയർമാനായും കൃഷി, ഫിഷറീസ്, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ ജില്ലാ ഓഫീസർമാർ അംഗങ്ങളായും സമിതി രൂപീകരിച്ച് ഫിഷറീസ് വകുപ്പ് 04/03/2025-ൽ സ.ഉ.(സാധാ)നം. 165/2025/മതുവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, മറുവക്കാട് പാടശേഖരങ്ങളിലെ അമിത വെള്ളക്കയറ്റം നിയന്ത്രിക്കുന്നതിനും സമീപ വാസസ്ഥലങ്ങളിലേക്ക് ഓരു ജലം കയറുന്നത് നിയന്ത്രിക്കുന്നതിനും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി എറണാകുളം ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാ കളക്ടർ 09/03/2025 തീയതിയിൽ DCEKM/3283/2025-D5(D2) നമ്പർ ഉത്തരവ് ഇറക്കിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). മേൽ നടപടി സമാന സ്വഭാവമുള്ള വൈപ്പിൻ ഉൾപ്പെടെയുള്ള |

| | | | |
|---|---|---|---|
| | | | തീരദേശ പ്രദേശങ്ങളിലെ പരാതികൾക്കും പ്രശ്നങ്ങൾക്കും പരിഹാര നടപടിയായി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ-മാതൃഭാഷ

**എറണാകുളം ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാകളക്ടറുടെ നടപടിക്രമം**

ഹാജർ :എൻ.എസ്.കെ ഉമേഷ്, IAS

DCEKM/3283/2025-D5(D2) തീയതി : 09-03-2025

വിഷയം: ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മറുവക്കാട് പാടശേഖരവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അമിതമായ വെള്ളക്കെട്ടിനും ആയത് സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നത് സംബന്ധിച്ച്.

സൂചന: എക്സിക്യൂട്ടിവ് എൻജിനീയർ മൈനർ ഇറിഗേഷൻ വകുപ്പിന്റെ 03/03/2025 ലെ ഡിബി ജനറൽ നമ്പർ റിപ്പോർട്ട്.

എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ, ചെല്ലാനം വില്ലേജിലെ മറുവക്കാട് പാടശേഖരത്തിലെ വെള്ളക്കെട്ട് സംബന്ധിച്ച് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗ തീരുമാന പ്രകാരം 24/02/2025 ഉച്ചക്ക് 12.00 മണിയ്ക്ക് മേജർ & മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഇറിഗേഷൻ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ, ചെല്ലാനം വില്ലേജ് ഓഫീസർ, പാടശേഖര സമിതി ഭാരവാഹികൾ, ചെല്ലാനം കൃഷി ഓഫീസർ എന്നിവർ മറുവക്കാട് പാടശേഖരത്തിൽ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതാണ്. ആയത് പ്രകാരം മറുവക്കാട് പാടശേഖരത്തിലെ അമിത വെള്ളക്കയറ്റം നിയന്ത്രിക്കുന്നതിനും, സമീപ വാസസ്ഥലങ്ങളിലേക്ക് ഓരു ജലം കയറുന്നത് ഒഴിവാക്കുന്നതിനും ചുവടെ വിവരിക്കും പ്രകാരം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1.Pokkali Land Development Authority (PLDA) ഉത്തരവ് അനുസരിച്ച് ഒരു നെല്ല്, ഒരു മീൻ എന്ന രീതിയിൽ കൃത്യമായ കാർഷിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ മറുവക്കാട് പാടശേഖരത്തിൽ ഏപ്രിൽ 15 ഒക്ടോബര് 31 വരെ നെൽകൃഷിയും, നവംബർ 1 - ഏപ്രിൽ 15 വരെ മൽസ്യകൃഷിയും, നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് Pokkali Land Development Authority യെ ചുമതലപ്പെടുത്തുന്നു.

2 നെൽകൃഷി ചെയ്താൽ മാത്രമേ പൊക്കാളി പാടങ്ങളിൽ മത്സ്യകൃഷിക്ക് ആവശ്യമായ ലൈസൻസ് ലഭിക്കുകയുള്ളൂ എന്നതിനാൽ, പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസറും, ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസും ഇക്കാര്യങ്ങളിൽ കൂടുതൽ സൂക്ഷ്മത പുലർത്തി നിബന്ധനകൾ പാലിക്കുവാൻ പാടശേഖര സമിതിക്ക് നിർദ്ദേശം നൽകേണ്ടതാണ്.

3. മത്സ്യകൃഷി നടത്തുന്ന വേളയിൽ പാടശേഖരത്തിലേക്ക് അമിതമായ അളവിൽ ഓരു ജലം കയറ്റുന്നത് ഒഴിവാക്കേണ്ടതാണ്. ഇത് നിരീക്ഷിക്കുന്നതിനായി വിവിധ ഇടങ്ങളിൽ കർഷകർ, കൃഷി വകുപ്പ്, ഫിഷറീസ് വകുപ്പ്, പഞ്ചായത്ത് ഉദ്യോഗസ്ഥർ, താമസക്കാർ എന്നിവരുടെ സംയുക്ത ചർച്ചയിലൂടെ സ്കെയിലുകൾ സ്ഥാപിച്ച പാടശേഖരത്തിലെ ജലവിതാനം നിശ്ചിത ലെവലിൽ നിലനിർത്തുന്നുണ്ടെന്നു പരിശോധിക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസിനെയും, പഞ്ചായത്ത് സെക്രട്ടറിയെയും ചുമതലപ്പെടുത്തുന്നു. പാടശേഖരത്തിനോട് അനുബന്ധിച്ച് നിവസിക്കുന്ന നിരവധി കുടുംബങ്ങളുടെ വീടുകളുടെ. പരിസരത്തേക്ക് ഓരു ജല പ്രവേശനം പൂർണമായും തടയേണ്ട രീതിയിലായിരിക്കണം ടി ലെവൽ നിശ്ചയിക്കേണ്ടത്. **ആയതു 3 ദിവസത്തിനുള്ളിൽ** നടപ്പാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. പുറം ബണ്ടുകൾ പ്രത്യേകിച്ച പടിഞ്ഞാറ് ഭാഗത്തുള്ള ബണ്ട് ഉയർത്തി ബലപ്പെടുത്തേണ്ടതാണ്.

പാടശേഖരത്തിനുള്ളിലെ ഇന്നർ ബണ്ടുകൾ കൃഷിക്ക് ഉപയുക്തമാക്കുന്ന രീതിയിൽ അതാത് പാടങ്ങളുടെ ഉടമസ്ഥരുടെ ആഭിമുഖ്യത്തിൽ പുനർ നിർമ്മിക്കേണ്ടതും, നെൽകൃഷി നടത്തുന്നതിന് പര്യാപ്തമാക്കേണ്ടതും, നെൽകൃഷിയും, മത്സ്യകൃഷിയും ക്രമ പ്രകാരം നടത്തുന്നുണ്ടെന്ന് കൃഷി വകുപ്പും ഫിഷറീസ് വകുപ്പും ശ്രദ്ധിക്കേണ്ടതും ആയതിനായി ഇരു വകുപ്പുകളിലെയും ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി, അവരുടെ പേര് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതും, എല്ലാ മാസവും അവരിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

5. പെട്ടിയും പറയും സ്ഥാപിച്ചിട്ടുള്ള ഭാഗത്തേക്ക് വള്ളത്തിൽ സഞ്ചരിച്ച് മാത്രമേ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. അവ കിഴക്ക ഭാഗത്തു നിന്നും മാറ്റി സ്ഥാപിച്ചാൽ കൂടുതൽ സുതാര്യമാകുന്നതിനും നിരീക്ഷണത്തിനും സഹായകരമാകും എന്നതിനാൽ പമ്പിങ് സംവിധാനം അത്തരത്തിൽ മാറ്റി സ്ഥാപിക്കുന്നതിന് പാടശേഖര സമിതിക്ക് നിർദ്ദേശം നൽകുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപ്പെടുത്തുന്നു.

6. പാടശേഖരത്തിൽ നെൽകൃഷി ചെയ്യുന്നതിനും മത്സ്യകൃഷി നടപ്പാക്കുന്നതിനും ഓരു ജലം ക്രമപ്രകാരം നിലനിർത്തുന്ന കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും നിശ്ചയിച്ച പ്രകാരം നടപ്പിൽ വരുത്തുന്നതിനും നെൽ കർഷകരുടെയും, മത്സ്യകൃഷി നടത്തുന്നവരുടെയും പ്രദേശത്ത് താമസിക്കുന്നവരുടെയും പ്രതിനിധികളും ഫിഷറീസ്, കൃഷി, ഇറിഗേഷൻ, റവന്യൂ, പഞ്ചായത്ത്, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു നിരീക്ഷണ സമിതി രൂപീകരിക്കേണ്ടതും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ട് നെല്ല്/മത്സ്യ കൃഷിക്കാരുടെയും പരിസരത്ത് താമസിക്കുന്നവരുടെയും പ്രശ്നങ്ങൾക്ക് സമവായ രീതിയിൽ പരിഹാരം ഉണ്ടാക്കേണ്ടതുമാണ്. സമിതി രൂപീകരിക്കുന്നതിനായി കൊച്ചി തഹസിൽദാരെ ചുമതലപ്പെടുത്തുന്നു.

7. സമീപ കായൽ പ്രദേശത്തും തോടുകളിലും അമിതമായി അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ നീക്കം ചെയ്ത് ജലവാഹക ശേഷിയും സുഗമമായ നീരൊഴുക്കും വർദ്ധിപ്പിച്ച് വേലിയേറ്റം മൂലം ജനവാസ മേഖലകളിലേക്ക് വെള്ളം കയറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷനെ ചുമതലപ്പെടുത്തുന്നു.

ജില്ലാകളക്ടർ
എറണാകുളം

പകർപ്പ് : 1. Pokkali Land Development Authority
2. Deputy Director (Fisheries), Ernakulam
3. Principal Agricultural Officer, Ernakulam
4. Secretary, Chellanam Grama Panchayath
5. Executive Engineer, Minor Irrigation
6. Tahsildar, Kochi taluk
7. Agriculture Officer, Chellanam
8. SHO, Kannamaly Police station
9. Village Officer, Chellanam

ഭരണഭാഷ-മാതൃഭാഷ

**എറണാകുളം ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാകളക്ടറുടെ നടപടിക്രമം**

ഹാജർ :എൻ.എസ്.കെ ഉമേഷ്, IAS

DCEKM/3283/2025-D5(D2) തീയതി : 09-03-2025

വിഷയം: ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മറുവക്കാട് പാടശേഖരവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അമിതമായ വെള്ളക്കെട്ടിനും ആയത് സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നത് സംബന്ധിച്ച്.

സൂചന: എക്സിക്യൂട്ടിവ് എൻജിനീയർ മൈനർ ഇറിഗേഷൻ വകുപ്പിന്റെ 03/03/2025 ലെ ഡിബി ജനറൽ നമ്പർ റിപ്പോർട്ട്.

എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ, ചെല്ലാനം വില്ലേജിലെ മറുവക്കാട് പാടശേഖരത്തിലെ വെള്ളക്കെട്ട് സംബന്ധിച്ച് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗ തീരുമാന പ്രകാരം 24/02/2025 ഉച്ചക്ക് 12.00 മണിയ്ക്ക് മേജർ & മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഇറിഗേഷൻ വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ, ചെല്ലാനം വില്ലേജ് ഓഫീസർ, പാടശേഖര സമിതി ഭാരവാഹികൾ, ചെല്ലാനം കൃഷി ഓഫീസർ എന്നിവർ മറുവക്കാട് പാടശേഖരത്തിൽ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതാണ്. ആയത് പ്രകാരം മറുവക്കാട് പാടശേഖരത്തിലെ അമിത വെള്ളക്കയറ്റം നിയന്ത്രിക്കുന്നതിനും, സമീപ വാസസ്ഥലങ്ങളിലേക്ക് ഓരു ജലം കയറുന്നത് ഒഴിവാക്കുന്നതിനും ചുവടെ വിവരിക്കും പ്രകാരം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1.Pokkali Land Development Authority (PLDA) ഉത്തരവ് അനുസരിച്ച് ഒരു നെല്ല്, ഒരു മീൻ എന്ന രീതിയിൽ കൃത്യമായ കാർഷിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ മറുവക്കാട് പാടശേഖരത്തിൽ ഏപ്രിൽ 15 ഒക്ടോബര് 31 വരെ നെൽകൃഷിയും, നവംബർ 1 - ഏപ്രിൽ 15 വരെ മൽസ്യകൃഷിയും, നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് Pokkali Land Development Authority യെ ചുമതലപ്പെടുത്തുന്നു.

2 നെൽകൃഷി ചെയ്താൽ മാത്രമേ പൊക്കാളി പാടങ്ങളിൽ മത്സ്യകൃഷിക്ക് ആവശ്യമായ ലൈസൻസ് ലഭിക്കുകയുള്ളൂ എന്നതിനാൽ, പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസറും, ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസും ഇക്കാര്യങ്ങളിൽ കൂടുതൽ സൂക്ഷ്മത പുലർത്തി നിബന്ധനകൾ പാലിക്കുവാൻ പാടശേഖര സമിതിക്ക് നിർദ്ദേശം നൽകേണ്ടതാണ്.

3. മത്സ്യകൃഷി നടത്തുന്ന വേളയിൽ പാടശേഖരത്തിലേക്ക് അമിതമായ അളവിൽ ഓരു ജലം കയറ്റുന്നത് ഒഴിവാക്കേണ്ടതാണ്. ഇത് നിരീക്ഷിക്കുന്നതിനായി വിവിധ ഇടങ്ങളിൽ കർഷകർ, കൃഷി വകുപ്പ്, ഫിഷറീസ് വകുപ്പ്, പഞ്ചായത്ത് ഉദ്യോഗസ്ഥർ, താമസക്കാർ എന്നിവരുടെ സംയുക്ത ചർച്ചയിലൂടെ സ്കെയിലുകൾ സ്ഥാപിച്ച് പാടശേഖരത്തിലെ ജലവിതാനം നിശ്ചിത ലെവലിൽ നിലനിർത്തുന്നുണ്ടെന്ന് പരിശോധിക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസിനെയും, പഞ്ചായത്ത് സെക്രട്ടറിയെയും ചുമതലപ്പെടുത്തുന്നു. പാടശേഖരത്തിനോട് അനുബന്ധിച്ച് നിവസിക്കുന്ന നിരവധി കുടുംബങ്ങളുടെ വീടുകളുടെ പരിസരത്തേക്ക് ഓരു ജല പ്രവേശനം പൂർണമായും തടയേണ്ട രീതിയിലായിരിക്കണം ടി ലെവൽ നിശ്ചയിക്കേണ്ടത്. **ആയതു 3 ദിവസത്തിനുള്ളിൽ** നടപ്പാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. പുറം ബണ്ടുകൾ പ്രത്യേകിച്ച് പടിഞ്ഞാറ് ഭാഗത്തുള്ള ബണ്ട് ഉയർത്തി ബലപ്പെടുത്തേണ്ടതാണ്.

പാടശേഖരത്തിനുള്ളിലെ ഇന്നർ ബണ്ടുകൾ കൃഷിക്ക് ഉപയുക്തമാക്കുന്ന രീതിയിൽ അതാത് പാടങ്ങളുടെ ഉടമസ്ഥരുടെ ആഭിമുഖ്യത്തിൽ പുനർ നിർമ്മിക്കേണ്ടതും, നെൽകൃഷി നടത്തുന്നതിന് പര്യാപ്തമാക്കേണ്ടതും, നെൽകൃഷിയും, മത്സ്യകൃഷിയും ക്രമ പ്രകാരം നടത്തുന്നുണ്ടെന്ന് കൃഷി വകുപ്പും ഫിഷറീസ് വകുപ്പും ശ്രദ്ധിക്കേണ്ടതും ആയതിനായി ഇരു വകുപ്പുകളിലെയും ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി, അവരുടെ പേര് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതും, എല്ലാ മാസവും അവരിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

5. പെട്ടിയും പറയും സ്ഥാപിച്ചിട്ടുള്ള ഭാഗത്തേക്ക് വള്ളത്തിൽ സഞ്ചരിച്ച് മാത്രമേ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. അവ കിഴക്ക ഭാഗത്തു നിന്നും മാറ്റി സ്ഥാപിച്ചാൽ കൂടുതൽ സുതാര്യമാകുന്നതിനും നിരീക്ഷണത്തിനും സഹായകരമാകും എന്നതിനാൽ പമ്പിങ് സംവിധാനം അത്തരത്തിൽ മാറ്റി സ്ഥാപിക്കുന്നതിന് പാടശേഖര സമിതിക്ക് നിർദ്ദേശം നൽകുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപ്പെടുത്തുന്നു.

6. പാടശേഖരത്തിൽ നെൽകൃഷി ചെയ്യുന്നതിനും മത്സ്യകൃഷി നടപ്പാക്കുന്നതിനും ഓരു ജലം ക്രമപ്രകാരം നിലനിർത്തുന്ന കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും നിശ്ചയിച്ച പ്രകാരം നടപ്പിൽ വരുത്തുന്നതിനും നെൽ കർഷകരുടെയും, മത്സ്യകൃഷി നടത്തുന്നവരുടെയും പ്രദേശത്ത് താമസിക്കുന്നവരുടെയും പ്രതിനിധികളും ഫിഷറീസ്, കൃഷി, ഇറിഗേഷൻ, റവന്യൂ, പഞ്ചായത്ത്, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു നിരീക്ഷണ സമിതി രൂപീകരിക്കേണ്ടതും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് തീരുമാനങ്ങൾ കൈകൊണ്ട് നെല്ല്/മത്സ്യ കൃഷിക്കാരുടെയും പരിസരത്ത് താമസിക്കുന്നവരുടെയും പ്രശ്നങ്ങൾക്ക് സമവായ രീതിയിൽ പരിഹാരം ഉണ്ടാക്കേണ്ടതുമാണ്. സമിതി രൂപീകരിക്കുന്നതിനായി കൊച്ചി തഹസിൽദാരെ ചുമതലപ്പെടുത്തുന്നു.

7. സമീപ കായൽ പ്രദേശത്തും തോടുകളിലും അമിതമായി അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ നീക്കം ചെയ്ത് ജലവാഹക ശേഷിയും സുഗമമായ നീരൊഴുക്കും വർദ്ധിപ്പിച്ച് വേലിയേറ്റം മൂലം ജനവാസ മേഖലകളിലേക്ക് വെള്ളം കയറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷനെ ചുമതലപ്പെടുത്തുന്നു.

ജില്ലാകളക്ടർ
എറണാകുളം

പകർപ്പ് : 1. Pokkali Land Development Authority
2. Deputy Director (Fisheries), Ernakulam
3. Principal Agricultural Officer, Ernakulam
4. Secretary, Chellanam Grama Panchayath
5. Executive Engineer, Minor Irrigation
6. Tahsildar, Kochi taluk
7. Agriculture Officer, Chellanam
8. SHO, Kannamaly Police station
9. Village Officer, Chellanam

ഭരണഭാഷ-മാതൃഭാഷ

**എറണാകുളം ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാകളക്ടറുടെ നടപടിക്രമം**

ഹാജർ :എൻ.എസ്.കെ ഉമേഷ്, IAS

DCEKM/3283/2025-D5(D2) തീയതി : 09-03-2025

വിഷയം: ചെല്ലാനം ഗ്രാമപഞ്ചായത്തിലെ മറുവക്കാട് പാടശേഖരവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അമിതമായ വെള്ളക്കെട്ടിനും ആയത് സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നത് സംബന്ധിച്ച്.

സൂചന: എക്സിക്യൂട്ടീവ് എൻജിനീയർ മൈനർ ഇറിഗേഷൻ വകുപ്പിന്റെ 03/03/2025 ലെ ഡിബി ജനറൽ നമ്പർ റിപ്പോർട്ട്.

എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ, ചെല്ലാനം വില്ലേജിലെ മറുവക്കാട് പാടശേഖരത്തിലെ വെള്ളക്കെട്ട് സംബന്ധിച്ച് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗ തീരുമാന പ്രകാരം 24/02/2025 ഉച്ചക്ക് 12.00 മണിയ്ക്ക് മേജർ & മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഇറിഗേഷൻ വകുപ്പിലെ മറ്റു ഉദ്യോഗസ്ഥർ, ചെല്ലാനം വില്ലേജ് ഓഫീസർ, പാടശേഖര സമിതി ഭാരവാഹികൾ, ചെല്ലാനം കൃഷി ഓഫീസർ എന്നിവർ മറുവക്കാട് പാടശേഖരത്തിൽ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതാണ്. ആയത് പ്രകാരം മറുവക്കാട് പാടശേഖരത്തിലെ അമിത വെള്ളക്കയറ്റം നിയന്ത്രിക്കുന്നതിനും, സമീപ വാസസ്ഥലങ്ങളിലേക്ക് ഓരു ജലം കയറുന്നത് ഒഴിവാക്കുന്നതിനും ചുവടെ വിവരിക്കും പ്രകാരം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1.Pokkali Land Development Authority (PLDA) ഉത്തരവ് അനുസരിച്ച് ഒരു നെല്ല്, ഒരു മീൻ എന്ന രീതിയിൽ കൃത്യമായ കാർഷിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ മറുവക്കാട് പാടശേഖരത്തിൽ ഏപ്രിൽ 15 ഒക്ടോബര് 31 വരെ നെൽകൃഷിയും, നവംബർ 1 - ഏപ്രിൽ 15 വരെ മൽസ്യകൃഷിയും, നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് Pokkali Land Development Authority യെ ചുമതലപ്പെടുത്തുന്നു.

2 നെൽകൃഷി ചെയ്താൽ മാത്രമേ പൊക്കാളി പാടങ്ങളിൽ മത്സ്യകൃഷിക്ക് ആവശ്യമായ ലൈസൻസ് ലഭിക്കുകയുള്ളൂ എന്നതിനാൽ, പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസറും, ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസും ഇക്കാര്യങ്ങളിൽ കൂടുതൽ സൂക്ഷ്മത പുലർത്തി നിബന്ധനകൾ പാലിക്കുവാൻ പാടശേഖര സമിതിക്ക് നിർദ്ദേശം നൽകേണ്ടതാണ്.

3. മത്സ്യകൃഷി നടത്തുന്ന വേളയിൽ പാടശേഖരത്തിലേക്ക് അമിതമായ അളവിൽ ഓരു ജലം കയറ്റുന്നത് ഒഴിവാക്കേണ്ടതാണ്. ഇത് നിരീക്ഷിക്കുന്നതിനായി വിവിധ ഇടങ്ങളിൽ കർഷകർ, കൃഷി വകുപ്പ്, ഫിഷറീസ് വകുപ്പ്, പഞ്ചായത്ത് ഉദ്യോഗസ്ഥർ, താമസക്കാർ എന്നിവരുടെ സംയുക്ത ചർച്ചയിലൂടെ സ്കെയിലുകൾ സ്ഥാപിച്ച് പാടശേഖരത്തിലെ ജലവിതാനം നിശ്ചിത ലെവലിൽ നിലനിർത്തുന്നുണ്ടെന്ന് പരിശോധിക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസിനെയും, പഞ്ചായത്ത് സെക്രട്ടറിയെയും ചുമതലപ്പെടുത്തുന്നു. പാടശേഖരത്തിനോട് അനുബന്ധിച്ച് നിവസിക്കുന്ന നിരവധി കുടുംബങ്ങളുടെ വീടുകളുടെ പരിസരത്തേക്ക് ഓരു ജല പ്രവേശനം പൂർണമായും തടയേണ്ട രീതിയിലായിരിക്കണം ടി ലെവൽ നിശ്ചയിക്കേണ്ടത്. **ആയതു 3 ദിവസത്തിനുള്ളിൽ** നടപ്പാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. പുറം ബണ്ടുകൾ പ്രത്യേകിച്ച് പടിഞ്ഞാറ് ഭാഗത്തുള്ള ബണ്ട് ഉയർത്തി ബലപ്പെടുത്തേണ്ടതാണ്.

പാടശേഖരത്തിനുള്ളിലെ ഇന്നർ ബണ്ടുകൾ കൃഷിക്ക് ഉപയുക്തമാക്കുന്ന രീതിയിൽ അതാത് പാടങ്ങളുടെ ഉടമസ്ഥരുടെ ആഭിമുഖ്യത്തിൽ പുനർ നിർമ്മിക്കേണ്ടതും, നെൽകൃഷി നടത്തുന്നതിന് പര്യാപ്തമാക്കേണ്ടതും, നെൽകൃഷിയും, മത്സ്യകൃഷിയും ക്രമ പ്രകാരം നടത്തുന്നുണ്ടെന്ന് കൃഷി വകുപ്പും ഫിഷറീസ് വകുപ്പും ശ്രദ്ധിക്കേണ്ടതും ആയതിനായി ഇരു വകുപ്പുകളിലെയും ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി, അവരുടെ പേര് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതും, എല്ലാ മാസവും അവരിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

5. പെട്ടിയും പറയും സ്ഥാപിച്ചിട്ടുള്ള ഭാഗത്തേക്ക് വള്ളത്തിൽ സഞ്ചരിച്ച് മാത്രമേ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. അവ കിഴക്ക ഭാഗത്തു നിന്നും മാറ്റി സ്ഥാപിച്ചാൽ കൂടുതൽ സുതാര്യമാകുന്നതിനും നിരീക്ഷണത്തിനും സഹായകരമാകും എന്നതിനാൽ പമ്പിങ് സംവിധാനം അത്തരത്തിൽ മാറ്റി സ്ഥാപിക്കുന്നതിന് പാടശേഖര സമിതിക്ക് നിർദ്ദേശം നൽകുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപ്പെടുത്തുന്നു.

6. പാടശേഖരത്തിൽ നെൽകൃഷി ചെയ്യുന്നതിനും മത്സ്യകൃഷി നടപ്പാക്കുന്നതിനും ഓരു ജലം ക്രമപ്രകാരം നിലനിർത്തുന്ന കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും നിശ്ചയിച്ച പ്രകാരം നടപ്പിൽ വരുത്തുന്നതിനും നെൽ കർഷകരുടെയും, മത്സ്യകൃഷി നടത്തുന്നവരുടെയും പ്രദേശത്ത് താമസിക്കുന്നവരുടെയും പ്രതിനിധികളും ഫിഷറീസ്, കൃഷി, ഇറിഗേഷൻ, റവന്യൂ, പഞ്ചായത്ത്, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു നിരീക്ഷണ സമിതി രൂപീകരിക്കേണ്ടതും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് തീരുമാനങ്ങൾ കൈകൊണ്ട് നെല്ല്/മത്സ്യ കൃഷിക്കാരുടെയും പരിസരത്ത് താമസിക്കുന്നവരുടെയും പ്രശ്നങ്ങൾക്ക് സമവായ രീതിയിൽ പരിഹാരം ഉണ്ടാക്കേണ്ടതുമാണ്. സമിതി രൂപീകരിക്കുന്നതിനായി കൊച്ചി തഹസിൽദാരെ ചുമതലപ്പെടുത്തുന്നു.

7. സമീപ കായൽ പ്രദേശത്തും തോടുകളിലും അമിതമായി അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ നീക്കം ചെയ്ത് ജലവാഹക ശേഷിയും സുഗമമായ നീരൊഴുക്കും വർദ്ധിപ്പിച്ച് വേലിയേറ്റം മൂലം ജനവാസ മേഖലകളിലേക്ക് വെള്ളം കയറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷനെ ചുമതലപ്പെടുത്തുന്നു.

ജില്ലാകളക്ടർ
എറണാകുളം

പകർപ്പ് : 1. Pokkali Land Development Authority
2. Deputy Director (Fisheries), Ernakulam
3. Principal Agricultural Officer, Ernakulam
4. Secretary, Chellanam Grama Panchayath
5. Executive Engineer, Minor Irrigation
6. Tahsildar, Kochi taluk
7. Agriculture Officer, Chellanam
8. SHO, Kannamaly Police station
9. Village Officer, Chellanam